# മാന്ത്രികക്കുരങ്ങൻ 2

**കഥാസാരം:** ചക്രവർത്തിയായ ഹാറൂൺ അൽ റശീദ് രാജ്ഞിയുടെ കിരീടത്തിൽ വെക്കാൻ പറ്റിയ രത്നത്തിനായി ബസ്രയിലെ അബു മുഹമ്മദ് എന്ന മടിയന്റെ അടുത്തേക്ക് ദൂതനെ അയച്ചു.




വെളുത്ത മുത്തുകൾ! സ്വർണ്ണമരങ്ങൾ! മരതകപൂക്കൾ...
ഭേഷ്! ഭേഷ്!
രണ്ടാമത്തെ പേടകം തുറന്നപ്പോൾ – ഇന്ത്യൻ ദേവദാരുകൊണ്ടു നിർമ്മിച്ച കൊച്ചുകൂടാരം. അതിൽ വിവിധ ജീവികളുടെ കൊത്തുരൂപങ്ങൾ.
കൊള്ളാം!
അടിയൻ ഒരു സാധാരണക്കാരനാണ് പ്രഭോ. അങ്ങയോടുള്ള ആദരവുകൊണ്ടാണ് ഇതെല്ലാം കൊണ്ടുവന്നത്.
ഇനി വേണമെങ്കിൽ ചില ഇന്ദ്രജാലങ്ങളും കാണിക്കാം.
അബു മുഹമ്മദ്, ഖലീഫയുടെ സൈനികരെ നോക്കി വിരൽ ഞൊടിച്ചു. അടുത്തനിമിഷം അവർ ഒരു വശത്തേക്കു ചരിഞ്ഞുപോയി.
വീണ്ടും വിരൽ ഞൊടിച്ചപ്പോൾ അവർ പഴയപടിയായി.



പിന്നീട് പ്രത്യേകമുദ്രകൾ കാട്ടിയപ്പോൾ വാതിലോടു കൂടിയ അനേകം അറകൾ രാജസദസ്സിൽ പ്രത്യക്ഷപ്പെട്ടു.
അത്ഭുതം! അത്ഭുതം!
നിങ്ങൾക്ക് സുഖമല്ലേ?
അതെ, ഹുസൂർ!
താങ്കൾക്ക് ഈ സിദ്ധികൾ എങ്ങനെ ലഭിച്ചു? മടിയനായ അബു മുഹമ്മദ് എന്നാണ് നാം താങ്കളെപ്പറ്റി കേട്ടിട്ടുള്ളത്.
താങ്കളുടെ പിതാവ് പൊതുസ്നാന ഘട്ടത്തിലെ പണിക്കാരനായിരുന്നില്ലേ?
അതെ, ഹുസൂർ.
അങ്ങനുവദിച്ചാൽ എന്റെ അത്ഭുതകരമായ ജീവിതകഥ പറയാം.
പറയൂ, നമുക്ക് ജിജ്ഞാസയായി.
അങ്ങു പറഞ്ഞ പോലെ എന്റെ പിതാവ് വെറും ഒരു കൂലിത്തൊഴിലാളിയായിരുന്നു.


ചെറുപ്പത്തിൽ മഹാ ഉറക്കക്കാരനായിരുന്നു ഞാൻ. തീക്കട്ട കോരിയിട്ടാലും ഞാൻ എഴുന്നേൽക്കില്ല.
ഒരുദിവസം ഉമ്മ എന്റെ കൈയിൽ അഞ്ചു വെള്ളിനാണയം തന്നിട്ടു പറഞ്ഞു...
മോനേ, ഷെയ്ഖ് അബ്ദുൾ മുസഫർ കപ്പലിൽ ചൈനയിലേക്ക് പുറപ്പെട്ടു
ഈ വെള്ളിനാണയം അദ്ദേഹത്തെ ഏൽപ്പിക്കു. ദയാലുവായ അദ്ദേഹം എന്തെങ്കിലും വാങ്ങിക്കൊണ്ടുവരും. അതു മറിച്ചു വിറ്റാൽ നിനക്കു നല്ല ലാഭം വരും
ഹും! മടിയാ... പിന്നേം ഉറങ്ങിയോ? ഇന്ന് പോയില്ലെങ്കിൽ രാത്രി നിനക്ക് അത്താഴമുണ്ടാവില്ല. ഓർത്തോ..!
ഇതാ, ഈ ചെരിപ്പുകൾ നിന്റെ കാലിൽ ഇട്ടുതരാം.
തുടരും